**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4385** | **18-03-2025 - ൽ മറുപടിയ്ക്ക്**

**പുതിയ ജലവൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇനി തുടക്കം കുറിക്കാനുള്ള ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമാണ്; ഇവ ആരംഭിക്കാനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്ത് 92 MW മൊത്തം സ്ഥാപിത ശേഷിയുള്ള 13 ചെറുകിട ജല വൈദ്യുത പദ്ധതികളും ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW), ലക്ഷ്മി (240 MW) എന്നീ ജല വൈദ്യുത പദ്ധതികളും ആരംഭിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങളുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പടെയുള്ളവ) വിവിധ ഘട്ടങ്ങളിലാണ്. മറ്റു 3 ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമ തികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കു ന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>കൂടാതെ ഏകദേശം 4324 MW സ്ഥാപിത ശേഷി വരുന്ന 10 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ പര്യവേഷണവും പ്രാരംഭ പഠന റിപ്പോർട്ട് തയ്യാറാക്കുന്ന ജോലികളും നടന്നുവരുന്നു. ഇതിൽ 2 പദ്ധതികൾ (മഞ്ഞപ്പാറ, മുതിരപ്പുഴ) നടപ്പിലാക്കുന്നതിനു സർക്കാരിന്റെ തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. ഈ രണ്ടു പദ്ധതികളും 2030 -ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ചെറുകിട ജലവൈദ്യുത പദ്ധതി പ്രൊമോഷൻ സെൽ മുഖേന സർക്കാർ BOOT അടിസ്ഥാനത്തിൽ അലോട്ട് ചെയ്ത 4 പദ്ധതികളിൽ നിർമ്മാണം തുടങ്ങാൻ സാധിച്ചിട്ടില്ല. അവയിൽ മൂന്ന് പദ്ധതികൾ ഫോറസ്റ്റ് ക്ലിയറൻസ് താമസത്തിനാലും, ഒരു പദ്ധതി സ്ഥലം ഏറ്റെടുപ്പ് നീളുന്നതിനാലും നിർമ്മാണം തുടങ്ങാൻ സാധിച്ചിട്ടില്ല. ഒരു പദ്ധതിക്ക് (കോഴിയിലക്കുത്ത് -1.5 MW) വൈദ്യുതി വാങ്ങൽ കരാർ (PPA) പൂർത്തിയാ ക്കാത്തതിനാൽ നിർമ്മാണം തുടങ്ങിയിട്ടില്ല.<br><br>**ഫോറസ്റ്റ് ക്ലിയറൻസ് സ്റ്റേജിലുള്ളപദ്ധതികൾസ്ഥലം ഏറ്റെടുക്കൽ സ്ഥിതിയിൽ ഉള്ള പദ്ധതികൾ**<br><br>1 \| കീഴാർകുത്ത് \| 19.8MW<br>2 \| ആറ്റില I \| 6 MW<br>3 \| ആറ്റില II \| 6 MW<br><br>1. കനഗപ്പുഴ 1 MW<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി നടപ്പിൽ വരുത്തുന്ന പദ്ധതികളിൽ കണ്ണൻകുഴി (7 MW) പദ്ധതിയും ഫോറസ്റ്റ് ക്ലിയറൻസ് വൈകുന്നതിനാൽ തുടങ്ങാൻ കഴിഞ്ഞിട്ടില്ല.<br><br>ഇവ കൂടാതെ സ്വന്തം നിലയിൽ കണ്ടെത്തി സ്വകാര്യസംരംഭമായി നടപ്പിൽ വരുത്തുന്ന പദ്ധതികളിൽ, പിണവൂർ (7MW), പട്ടയക്കുടി (100kW), വെള്ളക്കയം (90 kW) എന്നീ പദ്ധതികളും ഫോറസ്റ്റ് ക്ലിയറൻസ് തടസ്സം കാരണം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ജലവൈദ്യുത പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നും എത്രയെണ്ണം പൂർത്തിയാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽവന്നതിനു ശേഷം മാങ്കുളം (40 MW), ചിന്നാർ ഫേസ് II (24MW), ഒലിക്കൽ (5MW), പൂവാരംതോട് (3MW), അപ്പർ ചെങ്കുളം (24MW), പൊരിങ്ങൽകുത്ത് സ്മോൾ ടർബൈൻ (0.036MW) എന്നീ 6 ജല വൈദ്യുത പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.<br><br>അപ്പർ കല്ലാർ (2 MW), പൊരിങ്ങൽക്കുത്ത് (24 MW), പെരുവണ്ണാമൂഴി (6 MW), തൊട്ടിയാർ (40 MW), എന്നീ 4 ജല വൈദ്യുത പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ പള്ളിവാസൽ വിപുലീകരണ പദ്ധതി (60 MW) യുടെ കൊമേർഷ്യൽ ഓപ്പറേഷൻ നടന്നു വരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആറ്റില-I (6MW), ആറ്റില-II (6MW) , കനഗപ്പുഴ (1MW), എന്നീ പദ്ധതികൾ BOOT അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് വച്ചിരുന്നു.കൂടാതെ പട്ടയക്കുടി (100kW), പെണവൂർ (7MW) എന്നീ സ്വകാര്യ വ്യക്തികൾ സ്വന്തം നിലയിൽ കണ്ടെത്തിയ പദ്ധതികളും, ലോവർ വട്ടപ്പാറ (2.5MW) പദ്ധതി പാലക്കാട് ജില്ലാ പഞ്ചായത്തിനും അലോട്ട് ചെയ്തു. കൂടാതെ ആനക്കാംപൊയിൽ (8 MW) അരിപ്പാറ (4.5 MW) മൂക്കടം (4 MW), ഏഴാംകടവ് (350kW) എന്നീ പദ്ധതികൾ സ്വകാര്യ സംരംഭകർ മുഖേന നിർമ്മിച്ച് വൈദ്യുതി ഉത്പാദനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | എത്ര ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം നടക്കുന്നുണ്ട്; വിശദീകരിക്കാമോ; | (സി) | 127.536 MW മൊത്തം സ്ഥാപിത ശേഷിയുള്ള 9 ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗ മിക്കുന്നു. കൂടാതെ 60 MW സ്ഥാപിത ശേഷിയുള്ള പള്ളിവാസൽ എക്സ്റ്റൻഷൻ ജല വൈദ്യുത പദ്ധതിയുടെ കമ്മീഷനിംഗ് അന്തിമ ഘട്ടത്തിലാണ്. കൂടാതെ 7.5MW അധിക സ്ഥാപിത ശേഷി ലഭ്യമാക്കു ന്നതിനായി നിലവിലുള്ള കുറ്റ്യാടി ജല വൈദ്യുത പദ്ധതി (3X25 MW) യുടെ പുനരുദ്ധാരണ നവീകരണ പ്രവർത്ത നങ്ങളും നടന്നു വരുന്നു.<br><br>ചെറുകിട ജലവൈദ്യുത പദ്ധതികളായ പാലക്കുഴി (1 MW) യുടെ നിർമ്മാണം വരുന്ന സെപ്റ്റംബർ മാസത്തോടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സ്ഥലം ഏറ്റെടുപ്പ് കഴിയുന്ന മുറക്ക് കനഗപ്പുഴ (1 MW), ലോവർ വട്ടപ്പാറ (2.5 MW), എന്നീ പദ്ധതികളും നിർമാണം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പുതിയ പദ്ധതികൾക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും ബന്ധപ്പെട്ട മറ്റ് അനുമതികൾക്കുമായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | പുതിയ പദ്ധതികൾക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും ബന്ധ പ്പെട്ട മറ്റ് അനുമതികൾക്കുമായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാവാട്ട്) | വിശദാംശം |
|---|---|---|---|
| 1 | ഇടുക്കി ഗോൾഡൻ ജൂബിലി | 800 | പാരിസ്ഥിതിക ആഘാത പഠ ത്തിനായി വനം പരിസ്ഥിത മന്ത്രാ ലയം പ്രസ്തുത പദ്ധതിയുടെ ടേംസ് ഓഫ് റഫറൻസ് (ToR അംഗീകരിച്ചിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്ന പ്രവൃത്തിയു പാരിസ്ഥിതിക ആഘാത പഠനവും നടന്നു വരുന്നു. |
| 2 | മരിപ്പുഴ | 6 | വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും പ്രസ്തു പദ്ധതിക്കാവശ്യമായ 1.9801 ഹെക്ടർ വന ഭൂ ലഭ്യമാക്കുന്നതിനുള്ള അനുമത യ്ക്കായി സമർപ്പിച്ച അപേക്ഷ വന |

| | | | | |
|---|---|---|---|---|
| | | | | പരിസ്ഥിതി മന്ത്രാലയത്തിന്റെ ബാംഗ്ലൂർ റീജിയണൽ ഓഫീസിന്റെ പരിശോധന കഴിഞ്ഞ് സ്റ്റേറ്റ് നോ ഡൽ ഓഫീസറു ടെ പരിഗണനയി ലാണ് അനുമതി ലഭ്യമായാൽ ഉടൻ പദ്ധതി നട പ്പിലാക്കുന്നതിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| | 3. | പൊരിങ്ങൽക്കുത്ത് സ്റ്റേജ്-2 | 24 | പാരിസ്ഥിതിക അനുമതിക്ക് വേണ്ടി വനം പരി സ്ഥിതി മന്ത്രാല യത്തിൽ സമർ പ്പിച്ചിട്ടുണ്ട്. പാരിസ്ഥിതിക ആഘാത പഠനം നടന്നു വരുന്നു. |

ഇതുവരെ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്ത ആറ്റില -I (6MW), ആറ്റില-II (6MW), പെണവൂർ (7MW), പട്ടയക്കുടി (100kW), വെള്ളക്കയം (90kW), എന്നീ പദ്ധതികളുടെ സംരംഭകർ വനം വകുപ്പിന്റെ പരിവേഷ് പോർട്ടൽ വഴി അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ